**FIRST BELL -2**

# സാമൂഹ്യ ശാസ്ത്രം –I

# CHAPTER -1   CLASS-2



# ഫ്രഞ്ച് വിപ്ലവം



Arctic Ocean
Kara Sea
Greenland Sea
Barents Sea
Russia
Denmark Strait
ARCTIC CIRCLE
66°30'N
Norwegian Sea
Atlantic Ocean
ASIA
EUROPEAN RUSSIA
North Sea
Baltic Sea
EUROPE
English Channel
France
Kazakhstan
Bay of Biscay
Black Sea
Caspian Sea
Turkey
Strait of Gibraltar
Iran
Tunisia
Syria
Mediterranean Sea
Lebanon
Morocco
Israel
Iraq
Jordan
ASIA
MIDDLE EAST
Algeria
Libya
800 mi
Egypt
800 km
23°5'N
TROPIC OF CANCER
Saudi Arabia
PRIME MERIDIAN
Red Sea
AFRICA
©GraphicMaps.com




- ഞാനാണ് രാഷ്ട്രം.
- രാജാവിന്റെ അധികാരങ്ങളെല്ലാം ദൈവം നൽകിയതാണ്.
- അതിനാൽ രാജാവിനെ ചോദ്യംചെയ്യാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ.




– എനിക്ക് ശേഷം പ്രളയം




– നിങ്ങൾക്ക് റൊട്ടി ഇല്ലെങ്കിലെന്താ കേക്ക് തിന്നുകൂടെ?

BIJU KK, GHS TUVVUR , MALAPPURAM 2021-22

# ഫ്രഞ്ച് വിപ്ലവം

## കാരണങ്ങൾ

- രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതവും.

- ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക അസമത്വം.

- ചിന്തകൻമാരുടെ സ്വാധീനം.

# രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവതവും

**ലൂയി പതിനാലാമൻ**

- ഞാനാണ് രാഷ്ട്രം.
- രാജാവിന്റെ അധികാരങ്ങളെല്ലാം ദൈവം നൽകിയതാണ്.
- അതിനാൽ രാജാവിനെ ചോദ്യംചെയ്യാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ.

**ലൂയി പതിനഞ്ചാമൻ**

- എനിക്ക് ശേഷം പ്രളയം

**മേരി ആൻറ്റോയിനറ്റ്**

- നിങ്ങൾക്ക് റൊട്ടി ഇല്ലെങ്കിലെന്താ കേക്ക് തിന്നുകൂടെ?

# ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക അസമത്വം.

-ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു.

-അവ മൂന്ന് എസ്റ്റേറ്റുകൾ എന്നറിയപ്പെട്ടു.

ഒന്നാമത്തെ എസ്റ്റേറ്റ്

രണ്ടാമത്തെ എസ്റ്റേറ്റ്

മൂന്നാമത്തെ എസ്റ്റേറ്റ്

# ഒന്നാമത്തെ എസ്റ്റേറ്റ്

–ഒന്നാമത്തെ എസ്റ്റേറ്റ് – പുരോഹിതന്മാർ.

–ധാരാളം ഭൂപ്രദേശം കൈവശംവച്ചു.

–കർഷകരിൽനിന്നും തിഥെ എന്നപേരിലുള്ള നികുതിപിരിച്ചു.

–എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

–ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

# രണ്ടാമത്തെ എസ്റ്റേറ്റ്

–രണ്ടാമത്തെ എസ്റ്റേറ്റ് – പ്രഭുക്കന്മാർ

–സൈനിക സേവനം നടത്തി.

–കർഷകരിൽനിന്നും പലതരം നികുതികൾ പിരിച്ചു.

–വേതനം നൽകാതെ കർഷകരെ കൊണ്ട് പണിയെടുപ്പിച്ചു.

–നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

–ആഡംബര ജീവിതം നയിച്ചു.

–വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു.


# മൂന്നാമത്തെ എസ്റ്റേറ്റ്

- മൂന്നാമത്തെ എസ്റ്റേറ്റ് മധ്യവർഗവും, കർഷകർ, കൈത്തൊഴിലുകാർ എന്നിവർ ഉൾപ്പെടുന്നു.
- മധ്യവർഗം കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ എന്നിവർ ചേർന്നതാണ്.
- മൂന്നാമത്തെ എസ്റ്റേറ്റിന് ഭരണത്തിൽ ഒരു അവകാശവുമില്ല.
- തൈലേ എന്ന പേരിലുള്ള നികുതി സർക്കാരിന് നൽകണം.
- താഴ്ന്ന സാമൂഹികപദവി.
- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം.



# വോൾട്ടയർ

BIJU KK, GHS TUVVUR , MALAPPURAM 2021-22



# റൂസ്സോ

BIJU KK, GHS TUVVUR , MALAPPURAM 2021-22



# മൊണ്ടസ്ക്യു

BIJU KK, GHS TUVVUR , MALAPPURAM 2021-22

# ചിന്തകൻമാരുടെ സ്വാധീനം.

## വോൾട്ടയർ

- പുരോഹിതൻമ്മാരുടെചൂഷണത്തെ പരിഹസിച്ചു
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

## റൂസ്സോ

-സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.

## മൊണ്ടസ്ക്യൂ

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

# ഫ്രഞ്ച് വിപ്ലവത്തിന്റെ ഗതി

–ബൂർബൻ രാജാക്കന്മാർ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവർ നയിച്ച ആഡംബരപൂർവ്വമായ ജീവിതം, ധൂർത്ത്, യുദ്ധങ്ങൾ, കൃഷിനാശം, സ്വാതന്ത്ര്യസമരത്തിൽ അമേരിക്കയെ സഹായിച്ചത് തുടങ്ങിയവ ഫ്രാൻസിലെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമാക്കി.

–പുതിയ നികുതി ചുമത്താൻ ആയി 1789 ലൂയി പതിനാറാമൻ ജനപ്രതിനിധി സഭയായ സ്റ്റേറ്റ് ജനറൽ വിളിച്ചുചേർത്തു.

–സ്റ്റേറ്റ് ജനറലിൽ 3 എസ്റ്റേറ്റുകളിലേയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്ന് കോമൺസ് എന്നറിയപ്പെട്ട മൂന്നാമത്തെ എസ്റ്റേറ്റ് ആവശ്യപ്പെട്ടു.

-തർക്കങ്ങൾക്കൊടുവിൽ മൂന്നാമത്തെ എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്ന് സ്വയം പ്രഖ്യാപിച്ചു.

-അവർ തൊട്ടടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയ ശേഷമേ പിരിയുകയുള്ളൂ എന്ന് പ്രതിജ്ഞ ചെയ്തു.

-ഇത് ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്നറിയപ്പെടുന്നു.



ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 8075512478